സംസ്ഥാന വികസനവുമായി ബന്ധപ്പെട്ട് റോഡ് നിർമ്മാണം

96 (2815) ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം റോഡുകൾക്കാണ് സബ്‌വേ, ഓവർ ബ്രിഡ്ജ്, അണ്ടർബ്രിഡ്ജ് എന്നിവ നിർമ്മിക്കുന്നത് എന്നറിയിക്കുമോ ;

(ബി) ഏതെല്ലാം റോഡുകളാണ് വീതികൂട്ടുന്നത് ;

(സി) ഓവർബ്രിഡ്ജ്, സെക്രട്ടേറിയറ്റിന് മുൻവശം മുതലായവ സ്ഥലങ്ങളിൽ സബ്‌വേ നിർമ്മിക്കുവാനുള്ള പരിപാടി ഉപേക്ഷിച്ചുവോ എന്നറിയിക്കാമോ ?

ഉത്തരം

(എ) എം.എൽ.എ. ക്വാർട്ടേഴ്സ്-പാളയം-ബേക്കറി-പനവിള റോഡിൽ എം.എൽ.എ. ക്വാർട്ടേഴ്സ് മുതൽ പഞ്ചാപുര വരെ അണ്ടർ ബ്രിഡ്ജും അവിടം മുതൽ പനവിള വരെ മേൽപ്പാലവും, ചൂരക്കാട്ടു പാളയം-മേലേ പഴവങ്ങാടി-തകരപ്പറമ്പ് റോഡിൽ വൈദ്യുതി ഓഫീസ് മുതൽ തകരപ്പറമ്പുവരെ മേൽ പാലവും ആദ്യപടിയായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ആദ്യപടിയായി താഴെ പറയുന്ന റോഡുകൾ വീതി കൂട്ടുന്നതാണ്.

1. പി. എം. ജി. - എൽ. എം. എസ്., വെള്ളയമ്പലം-കവടിയാർ-വെള്ളയമ്പലം ശാസ്തമംഗലം.
2. എൽ.എം.എസ്.-ബേക്കറി-അട്ടക്കുളങ്ങര (എം.ജി. റോഡ്)
3. മ്യൂസിയം-ബേക്കറി-തമ്പാനൂർ-ഓവർ ബ്രിഡ്ജ്
4. പാളയം-പേട്ട-ചാക്ക-എയർപോർട്ട്
5. നാലുമുക്ക്-വഞ്ചിയൂർ-പഴവങ്ങാടി ചൂരക്കാട്ടുപാളയം
6. പാറ്റൂർ-വഞ്ചിയൂർ
7. വാൻറോസ്-ഊറ്റുകുഴി സെക്രട്ടേറിയറ്റ്.
8. പട്ടം-കുറവൻകോണം-കവടിയാർ
9. പട്ടം-പൊട്ടക്കുഴി-മെഡിക്കൽ കോളേജ് ഉള്ളൂർ-കൊച്ചുള്ളൂർ.

LIBRARY ARCHIVES Kerala Legislative Assembly

10. കവടിയാർ-പേരൂർക്കട-വഴയില

11. അട്ടക്കുളങ്ങര-ഈഞ്ചക്കൽ

12. ശ്രീകണ്ഠേശ്വരം-ആറാട്ടു റോഡ്-ഈഞ്ചക്കൽ.

13. ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-വെൺപാലവട്ടം-എൻ.എച്ച്. ബൈപാസ്.

(സി) ഇപ്പോഴത്തെ പദ്ധതിയിൽ സബ്‌വേ നിർമ്മാണം ഉൾപ്പെടുത്തിയിട്ടില്ല.

നബാർഡ് സഹായത്തോടെയുള്ള ഇടുക്കിയിലെ ഗ്രാമീണ റോഡുകൾ

97 (2816) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുനിർമ്മാണത്തിനായി നബാർഡ് പദ്ധതിപ്രകാരം എത്ര കോടി രൂപയാണ് 2002, 2003 വർഷങ്ങളിൽ ഇടുക്കി ജില്ലയ്ക്ക് ലഭിച്ചിട്ടുള്ളത് ;

(ബി) ഇടുക്കി ജില്ലയിൽ ഏതെല്ലാം റോഡുകളാണ് നബാർഡ് ഏറ്റെടുത്തിട്ടുള്ളത് ; ഓരോന്നിനും എത്ര കോടി രൂപയുടെ നിർമ്മാണ ചെലവാണ് കണക്കാക്കിയിട്ടുള്ളത് ;

(സി) ഉടുമ്പൻചോല മണ്ഡലത്തിലെ ഏതെല്ലാം റോഡുകളാണ് നബാർഡ് ഏറ്റെടുത്തിട്ടുള്ളത് ; ഓരോന്നിനും എന്തു തുക വീതം നിർമ്മാണച്ചെലവാണ് കണക്കാക്കിയിരിക്കുന്നത് ;

(ഡി) പ്രസ്തുത റോഡുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതെല്ലാം ഘട്ടങ്ങളിലാണ് ; ഇവ ഓരോന്നും ഏത് കാലയളയിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയും ;

(ഇ) നിർമ്മാണജോലികൾ പൂർത്തീകരിക്കാതെ തന്നെ ബില്ലുകൾ മാറി കോൺട്രാക്ടർമാർ നിർമ്മാണം നിർത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇവരുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; ഇങ്ങനെ സംഭവിക്കാതിരിക്കാൻ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമീണ റോഡുനിർമ്മാണത്തിനായി നബാർഡ് 2002-2003 വർഷത്തിൽ 2213.72 ലക്ഷം രൂപ ഇടുക്കി ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ ആർ.ഐ.ഡി.എഫ്-8-ൽപ്പെടുത്തി 10 ഗ്രാമീണ റോഡുകൾക്കു കൂടി തദ്ദേശ സ്വയംഭരണ ഗ്രാമവികസന വകുപ്പിൽ നിന്ന് 427.47 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly